# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3407 — 24.06.2013- ൽ മറുപടിക്ക്

## പെരുമ്പളം പഞ്ചായത്തിന് ജംഗാർ

**ചോദ്യം**

ശ്രീ. എ.എം. ആരിഫ്

(എ) എം.എൽ.എ. - എ.ഡി.എഫ്.ൽ ഉൾപ്പെടുത്തി അരൂർ മണ്ഡലത്തിലെ പെരുമ്പളം പഞ്ചായത്തിന് ജംഗാർ ലഭിക്കുന്നതിനായി എ.എസ്. ആയിട്ടും ജംഗാർ നിർമ്മിക്കുന്നതിനായുള്ള ഉത്തരവ് പോർട്ട് ഡയറക്ടറേറ്റിൽ നിന്നും കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷന് നാളിതുവരെ കൈമാറിയിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പോർട്ട് ഡയറക്ടറേറ്റിൽ നിന്നും ഉത്തരവ് ലഭ്യമാക്കി കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷനെ കൊണ്ട് ജംഗാർ നിർമ്മിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ ?

**മറുപടി**

ശ്രീ. കെ.ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

(എ) & (ബി) പെരുമ്പളം പഞ്ചായത്തിന് ജംഗാർ വാങ്ങുന്നതിനുള്ള സർക്കാർ ഉത്തരവ് തുറമുഖ വകുപ്പ് ഡയറക്ടർ വഴി KSINC മാനേജിംഗ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. കൂടാതെ ഇക്കാര്യത്തിന് വേണ്ടി KSINC തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരവും സ്ഥലം എം.എൽ.എ യുടെ നിർദ്ദേശ പ്രകാരവും ജംഗാർ നിർമിച്ച്/വാങ്ങി നൽകാൻ KSINC മാനേജിംഗ് ഡയറക്ടർക്ക് തുറമുഖ വകുപ്പ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുമുണ്ട്. ജംഗാർ സർവ്വീസ് നടത്തുന്നതിന് ആവശ്യമായ ജീവനക്കാരെ നിയമിക്കുക, അറ്റകുറ്റപണി നടത്തുക യാത്രാക്കൂലി നിരക്ക് നശ്ചയിക്കുക എന്നീ ചുമതലകൾ പെരുമ്പളം പഞ്ചായത്തി നായിരിക്കും

സെക്ഷൻ ഓഫീസർ